**മധുരമായ കുട്ടികളെ - ഓർമ്മയുടെ പരിശ്രമം നിങ്ങൾ എല്ലാവർക്കും ചെയ്യണം, നിങ്ങൾ സ്വയം ആത്മാവെന്ന് മനസ്സിലാക്കി പിതാവായ എന്നെ ഓർമ്മിക്കുകയാണെങ്കിൽ ഞാൻ നിങ്ങളെ എല്ലാ പാപങ്ങളിൽ നിന്നും മുക്തമാക്കും**

**ചോദ്യം:-** സർവ്വരുടെയും സദ്ഗതിക്കുള്ള സ്ഥാനം ഏതാണ്, അതിന്റെ മഹത്വം മുഴുവൻ ലോകവും തിരിച്ചറിയും?

**ഉത്തരം:-** ആബൂ ഭൂമിയാണ് സർവ്വരുടെയും സദ്ഗതിക്കുള്ള സ്ഥാനം. നിങ്ങൾക്ക് ബ്രഹ്മാകുമാരീസ് എന്നതിന്റെ സമീപം ബ്രാക്കറ്റിൽ എഴുതാൻ സാധിക്കും ഇത് സർവ്വോത്തമ തീർത്ഥ സ്ഥാനമാണ് എന്ന്. മുഴുവൻ ലോകത്തിന്റെയും സദ്ഗതി ഇവിടെ നിന്ന് സംഭവിക്കണം. സർവ്വരുടെയും സദ്ഗതി ദാതാവായ ബാബയും, ആദവും (ബ്രഹ്മാ) ഇവിടെയിരുന്ന് സർവ്വരുടെയും സദ്ഗതി ചെയ്യുന്നു. ആദം അർത്ഥം മനുഷ്യൻ, ദേവതയല്ല. അവരെ ഭഗവാനെന്നും പറയാൻ സാധിക്കില്ല.

**ഓം ശാന്തി**. ഡബിൾ ഓം ശാന്തി എന്തുകൊണ്ടെന്നാൽ ഒന്ന് അച്ഛന്റേതാണ്, രണ്ടാമത്തേത് ജേഷ്ഠന്റേത്. രണ്ട് പേരുടെയും ആത്മാവില്ലേ. ഒന്ന് പരമാത്മാവാണ്, ഒന്ന് ആത്മാവാണ്. ബ്രഹ്മാവും ലക്ഷ്യം പറഞ്ഞ് തരുന്നു അതായത് നമ്മൾ പരംധാമ നിവാസികളാണ്, രണ്ട് പേരും ഇങ്ങനെ പറയുന്നു. ബാബയും പറയുന്നു ഓം ശാന്തി, ഇദ്ദേഹവും പറയുന്നു ഓം ശാന്തി. കുട്ടികളും പറയുന്നു ഓം ശാന്തി അർത്ഥം നമ്മൾ ആത്മാക്കൾ ശാന്തിധാമത്തിലെ നിവാസികളാണ്. ഇവിടെ വിട്ട്-വിട്ടിരിക്കണം. പരസ്പരം ചേർന്നിരിക്കരുത് എന്തുകൊണ്ടെന്നാൽ ഓരോരുത്തരുടെയും അവസ്ഥയിൽ, യോഗത്തിൽ രാത്രിയുടെയും പകലിന്റെയും വ്യത്യാസമുണ്ട്. ചിലർ വളരെ നന്നായി ഓർമ്മിക്കുന്നുണ്ട്, ചിലർ തീർത്തും ഓർമ്മിക്കുന്നില്ല. അപ്പോൾ ആരാണോ തീർത്തും ഓർമ്മിക്കാത്തത് അവരാണ് പാപാത്മാവ്, തമോപ്രധാനം, ആരാണോ ഓർമ്മിക്കുന്നത് അവരാണ് പുണ്യാത്മാവ്, സതോപ്രധാനം. വളരെ അന്തരമായില്ലേ. വീട്ടിലിനി ഒരുമിച്ചായിരിക്കും കഴിയുന്നത് എന്നാലും അന്തരം ഉണ്ടാകുന്നില്ലേ അതുകൊണ്ടാണ് ഭാഗവതത്തിൽ ആസുരീയ നാമം പാടിയിട്ടുള്ളത്. ഈ സമയത്തെ തന്നെ കാര്യമാണ്. ബാബയിരുന്ന് കുട്ടികൾക്ക് മനസ്സിലാക്കി തരികയാണ് - ഇതാണ് ഈശ്വരീയ ചരിത്രം, അതാണ് ഭക്തി മാർഗ്ഗത്തിൽ പാടുന്നത്. സത്യയുഗത്തിലാണെങ്കിൽ ഒന്നും തന്നെ ഓർമ്മയുണ്ടായിരിക്കില്ല, എല്ലാം മറന്ന് പോകും. ബാബ ഇപ്പോൾ മാത്രമാണ് പഠിപ്പ് നൽകുന്നത്. സത്യയുഗത്തിൽ ഇത് പൂർണ്ണമായും മറന്ന് പോകുന്നു, പിന്നീട് ദ്വാപരയുഗത്തിൽ ശാസ്ത്രം മുതലായവ ഉണ്ടാക്കുന്നു എന്നിട്ട് പരിശ്രമിക്കുന്നു രാജയോഗം അഭ്യസിപ്പിക്കാൻ. എന്നാൽ രാജയോഗം അഭ്യസിപ്പിക്കാൻ സാധിക്കില്ല. അത് ബാബ എപ്പോഴാണോ സന്മുഖത്ത് വരുന്നത് അപ്പോൾ മാത്രമാണ് പഠിപ്പിക്കുന്നത്. നിങ്ങൾക്കറിയാം ബാബ എങ്ങനെയാണ് രാജയോഗം പഠിപ്പിക്കുന്നതെന്ന്. വീണ്ടും അയ്യായിരം വർഷങ്ങൾക്ക് ശേഷം വന്ന് ഇങ്ങനെ തന്നെ പറയും - മധുര-മധുരമായ ആത്മീയ കുട്ടികളേ, ഇങ്ങനെ ഒരിക്കലും ഒരു മനുഷ്യനും, മനുഷ്യനോട് പറയാൻ സാധിക്കില്ല. ദേവതകൾക്കും, ദേവതകളോട് പറയാൻ സാധിക്കില്ല. ഒരു ആത്മീയ അച്ഛൻ മാത്രമാണ് ആത്മീയ കുട്ടികളോട് പറയുന്നത്- ഒരു പ്രാവശ്യം പാർട്ടഭിനയിച്ച് വീണ്ടും അയ്യായിരം വർഷങ്ങൾക്ക് ശേഷം പാർട്ടഭിനയിക്കും എന്തുകൊണ്ടെന്നാൽ വീണ്ടും നിങ്ങൾ പടി ഇറങ്ങുകയല്ലേ. നിങ്ങളുടെ ബുദ്ധിയിൽ ഇപ്പോൾ ആദി-മദ്ധ്യ- അന്ത്യത്തിന്റെ രഹസ്യമുണ്ട്. അറിയാം അതാണ് ശാന്തിധാമം അഥവാ പരംധാമം. നമ്മൾ ഭിന്ന-ഭിന്ന ധർമ്മത്തിലെ ആത്മാക്കൾ എല്ലാവരും നമ്പർവൈസായി അവിടെയാണ് വസിക്കുന്നത്, നിരാകാരി ലോകത്തിൽ. ഏതുപോലെ നക്ഷത്രങ്ങളെ കാണുന്നില്ലേ - എങ്ങനെയാണ് നിൽക്കുന്നത്, ഒന്നും കാണാൻ കഴിയില്ല. മുകളിൽ ഒരു സാധനവുമില്ല. ബ്രഹ്മ തത്വമാണ്. ഇവിടെ നിങ്ങൾ ഭൂമിയിലാണ് നിൽക്കുന്നത്, ഇതാണ് കർമ്മക്ഷേത്രം. ഇവിടെ വന്ന് ശരീരമെടുത്ത് കർമ്മം ചെയ്യുന്നു. ബാബ മനസ്സിലാക്കി തന്നിട്ടുണ്ട് നിങ്ങൾ എപ്പോഴാണോ എന്നിൽ നിന്ന് സമ്പത്ത് നേടുന്നത് അപ്പോൾ 21 ജന്മം നിങ്ങളുടെ കർമ്മം അകർമ്മമായി തീരുന്നു എന്തുകൊണ്ടെന്നാൽ അവിടെ രാവണ രാജ്യം തന്നെ ഉണ്ടായിരിക്കില്ല. അതാണ് ഈശ്വരീയ രാജ്യം അതിപ്പോൾ ഈശ്വരൻ സ്ഥാപിച്ചുകൊണ്ടിരിക്കുകയാണ്. കുട്ടികൾക്ക് മനസ്സിലാക്കി തന്നുകൊണ്ടേയിരിക്കുന്നു- ശിവബാബയെ ഓർമ്മിക്കൂ അങ്ങനെ സ്വർഗ്ഗത്തിന്റെ അധികാരിയാകൂ. സ്വർഗ്ഗം ശിവബാബയല്ലേ സ്ഥാപിച്ചത്. അതുകൊണ്ട് ശിവബാബയെയും സുഖധാമത്തെയും ഓർമ്മിക്കൂ. ഏറ്റവും ആദ്യം ശാന്തിധാമത്തെ ഓർമ്മിക്കുകയാണെങ്കിൽ ചക്രവും ഓർമ്മവരും. കുട്ടികൾ മറന്ന് പോകുന്നു, അതുകൊണ്ട് ഇടക്കിടക്ക് ഓർമ്മിപ്പിക്കേണ്ടി വരുന്നു. അല്ലയോ കുട്ടികളെ, സ്വയം ആത്മാവാണെന്ന് മനസ്സിലാക്കൂ ബാബയെ ഓർമ്മിക്കൂ എങ്കിൽ നിങ്ങളുടെ പാപം ഭസ്മമാകും. പ്രതിജ്ഞ ചെയ്യുകയാണ് നിങ്ങൾ ഓർമ്മിക്കുകയാണെങ്കിൽ പാപങ്ങളിൽ നിന്ന് മുക്തമാക്കും. ബാബ തന്നെയാണ് പതിത-പാവനനും സർവ്വശക്തിമാനു വ

മായ അധികാരി, ബാബയെ വിശ്വ സർവ്വശക്തിവാൻ അഥോറിറ്റിയെന്നാണ് പറയുന്നത്. ബാബ മുഴുവൻ സൃഷ്ടിയുടെയും ആദി-മദ്ധ്യ-അന്ത്യത്തെ അറിയുന്നു. വേദ-ശാസ്ത്രങ്ങൾ തുടങ്ങിയവ എല്ലാവർക്കും അറിയാം അതുകൊണ്ടാണ് പറയുന്നത് ഇതിൽ യാതൊരു അർത്ഥവുമില്ല എന്ന്. ഗീതയിൽ പോലും ഒരു സാരവുമില്ല. എങ്കിലും അത് സർവ്വ ശാസ്ത്ര ശിരോമണിയാണ് മാതാ-പിതാവാണ്, ബാക്കി എല്ലാം മക്കളാണ്. ഏതുപോലെയാണോ ഏറ്റവും ആദ്യം പ്രജാപിതാ ബ്രഹ്മാവ്, ബാക്കി എല്ലാം കുട്ടികളാണ്. പ്രജാപിതാ ബ്രഹ്മാവിനെ ആദം എന്ന് പറയുന്നു. ആദം എന്നാൽ മനുഷ്യൻ. മനുഷ്യനല്ലേ, അതുകൊണ്ട് ഇദ്ദേഹത്തെ ദേവതയെന്ന് പറയില്ല. ഏഡം തന്നെയാണ് ആദം. എന്നാൽ ഭക്തർ ബ്രഹ്മാവായ ആദത്തെ ദേവതയെന്ന് പറയുന്നു. ബാബ മനസ്സിലാക്കി തരികയാണ് ആദം അർത്ഥം മനുഷ്യൻ. ദേവതയുമല്ല, ഭഗവാനുമല്ല. ലക്ഷ്മീ- നാരായണനാണ് ദേവത. ദേവത്വമുള്ളത് സ്വർഗ്ഗത്തിലാണ്. പുതിയ ലോകമല്ലേ. അതാണ് ലോകാത്ഭുതം. ബാക്കിയുള്ളതെല്ലാം മായയുടെ അദ്ഭുതമാണ്. ദ്വാപരത്തിന് ശേഷമാണ് മായയുടെ അദ്ഭുതം ഉണ്ടാകുന്നത്. ഈശ്വരീയ അദ്ഭുതമാണ്- ഹെവൻ, സ്വർഗ്ഗം, അത് ബാബ തന്നെയാണ് സ്ഥാപിക്കുന്നത്. ഇപ്പോൾ സ്ഥാപന നടന്നുകൊണ്ടിരിക്കുകയാണ്. ഈ ദിൽവാഡാ ക്ഷേത്രം ഏതൊന്നാണോ ഉള്ളത്, അതിന്റെ മൂല്യത്തെ ആർക്കും അറിയില്ല. മനുഷ്യർ യാത്ര ചെയ്യാൻ പോകാറുണ്ട്, അതിൽ ഏറ്റവും നല്ല തീർത്ഥസ്ഥാനം ഇതാണ്. നിങ്ങൾ എഴുതുന്നില്ലേ ബ്രഹ്മാകുമാരീസ് ഈശ്വരീയ വിശ്വ-വിദ്യാലയം, ആബൂ പർവ്വതം. അപ്പോൾ ബ്രാക്കറ്റിൽ ഇതും എഴുതണം - (സർവ്വോത്തമ തീർത്ഥ സ്ഥാനം) എന്തുകൊണ്ടെന്നാൽ നിങ്ങൾക്കറിയാം സർവ്വരുടെയും സദ്ഗതി ഇവിടെ നിന്നാണ് ഉണ്ടാകുന്നത്. ഇതാരും അറിയുന്നില്ല. ഏതുപോലെയാണോ ഗീത സർവ്വ ശാസ്ത്രമയീ ശിരോമണിയായിരിക്കുന്നത് അതുപോലെ സർവ്വ തീർത്ഥങ്ങളിലും ശ്രേഷ്ഠം ആബൂ തീർത്ഥമാണ്. അപ്പോൾ മനുഷ്യർ വായിക്കും, ശ്രദ്ധ അതിലേക്ക് പോകും. മുഴുവൻ ലോകത്തിലെയും തീർത്ഥ സ്ഥലങ്ങളിൽ ഇതാണ് ഏറ്റവും വലിയ തീർത്ഥസ്ഥാനം, അവിടെ ബാബയിരുന്ന് സർവ്വരരുടെയും സദ്ഗതി ചെയ്യുന്നു. തീർത്ഥ സ്ഥലങ്ങൾ ഇവിടെ ധാരാളമായിരിക്കുന്നു. ഗാന്ധിയുടെ സമാധി സ്ഥലത്തെ പോലും തീർത്ഥ സ്ഥലമെന്നാണ് കരുതുന്നത്. എല്ലാവരും പോയി അവിടെ പുഷ്പങ്ങളെല്ലാം സമർപ്പിക്കുന്നു, അവർക്ക് ഒന്നും അറിയില്ല. നിങ്ങൾ കുട്ടികൾക്കറിയില്ലേ- അതുകൊണ്ട് നിങ്ങൾക്ക് ഇവിടെയിരിക്കുമ്പോൾ മനസ്സിന്റെ ഉള്ളിൽ വലിയ സന്തോഷമുണ്ടായിരിക്കണം. നമ്മൾ സ്വർഗ്ഗത്തിന്റെ സ്ഥാപന ചെയ്തുകൊണ്ടിരിക്കുകയാണ്. ഇപ്പോൾ ബാബ പറയുകയാണ് - സ്വയത്തെ ആത്മാവെന്ന് മനസ്സിലാക്കി എന്നെ ഓർമ്മിക്കൂ. പഠിത്തവും വളരെ സഹജമാണ്. യാതൊരു ചിലവും ഉണ്ടാകുന്നില്ല. നിങ്ങളുടെ മമ്മക്ക് ഒരണയെങ്കിലും ചിലവ് വന്നോ? കക്കയുടെ പോലും ചിലവില്ലാതെ പഠിച്ച് എത്ര സമർത്ഥയും നമ്പർവണ്ണുമായി. രാജയോഗിനിയായില്ലേ. മമ്മയെ പോലെ ആരും വന്നിട്ടില്ല.

നോക്കൂ, ആത്മാക്കളെ മാത്രമാണ് ബാബയിരുന്ന് പഠിപ്പിക്കുന്നത്. ആത്മാക്കൾക്ക് തന്നെയാണ് രാജ്യം ലഭിക്കുന്നത്, ആത്മാവ് തന്നെയാണ് രാജ്യം നഷ്ടപ്പെടുത്തിയതും. ഇത്രയും ചെറിയ ആത്മാവ് എത്ര കാര്യമാണ് ചെയ്യുന്നത്. ഏറ്റവും മോശമായ ജോലിയാണ് വികാരത്തിലേക്ക് പോകുക. ആത്മാവ് 84 ജന്മങ്ങളുടെ പാർട്ടഭിനയിക്കുന്നു. ചെറിയ ആത്മാവിൽ എത്ര ശക്തിയാണ്! മുഴുവൻ വിശ്വത്തിലും രാജ്യം ഭരിക്കുന്നു. ഈ ദേവതകളുടെ ആത്മാവിൽ എത്ര ശക്തിയാണ്. ഓരോ ധർമ്മത്തിലും അവരവരുടെ ശക്തിയില്ലേ. ക്രിസ്ത്യൻ ധർമ്മത്തിൽ എത്ര ശക്തിയാണ്. ആത്മാവിൽ ശക്തിയുണ്ട് അതാണ് ശരീരത്തിലൂടെ കർമ്മം ചെയ്യുന്നത്. ആത്മാവ് തന്നെയാണ് ഇവിടെ വന്ന് ഈ കർമ്മ ക്ഷേത്രത്തിൽ കർമ്മം ചെയ്യുന്നത്. അവിടെ മോശമായ കർത്തവ്യം ഉണ്ടാകുകയില്ല, ആത്മാവ് വികാരീ മാർഗ്ഗത്തിലേക്ക് പോകുന്നത് തന്നെ അപ്പോഴാണ് എപ്പോഴാണോ രാവണ രാജ്യം ഉണ്ടാകുന്നത്. മനുഷ്യരാണെങ്കിൽ പറയുന്നത് വികാരം സദാകാലംതന്നെ ഉണ്ടെന്നാണ്. നിങ്ങൾക്ക് മനസ്സിലാക്കി കൊടുക്കാൻ സാധിക്കും അവിടെ രാവണ രാജ്യം തന്നെയില്ല അപ്പോൾ എങ്ങനെ വികാരമുണ്ടാകാൻ സാധിക്കും. അവിടെയുള്ളത് യോഗബലമാണ്. ഭാരതത്തിന്റെ രാജയോഗം പ്രസിദ്ധമാണ്. വളരെ പേർ പഠിക്കാൻ ആഗ്രഹിക്കുന്നുണ്ട് എന്നാൽ എപ്പോഴാണോ നിങ്ങൾ പഠിപ്പിക്കുന്നത് അപ്പോഴേ സാധിക്കൂ. മറ്റാർക്കും പഠിപ്പിക്കാൻ സാധിക്കില്ല. ഏതുപോലെയാണോ മഹർഷിമാരുണ്ടായിരുന്നത്, എത്ര പരിശ്രമിച്ചിരുന്നു യോഗം പഠിപ്പിക്കുന്നതിന്. എന്നാൽ ഈ ഹഠയോഗി എങ്ങനെ രാജയോഗം പഠിപ്പിക്കും ഇത് ലോകത്തിനറിയില്ല. ചിൻമയാനന്ദന്റെ അടുത്ത് എത്ര പേരാണ് പോകുന്നത്, യഥാർത്ഥത്തിൽ ഭാരതത്തിന്റെ പ്രാചീന യോഗം ബി.കെക്കല്ലാതെ ആർക്കും മനസ്സിലാക്കി തരാൻ സാധിക്കില്ല-ഇങ്ങനെ ഒരിക്കൽ അദ്ദേഹം പറഞ്ഞിരുന്നുവെങ്കിൽ, അങ്ങനെയൊരുവാക്ക് മതി. എന്നാൽ ഇപ്പോഴേ ഈ ശബ്ദമുണ്ടാകുക, ഇങ്ങനെ നിയമമില്ല. എല്ലാവരും മനസ്സിലാക്കില്ല. വളരെ പരിശ്രമമുണ്ട്, മഹിമയും ഉണ്ടാകും അന്തിമത്തിൽ, പറയാറില്ലേ - അഹോ പ്രഭൂ, അല്ലയോ ശിവപിതാവേ അങ്ങയുടെ ലീല. ഇപ്പോൾ നിങ്ങൾക്കറിയാം നിങ്ങളെക്കൂടാതെ ബാബയെ പരമമായ പിതാവും, പരമമായ അദ്ധ്യാപകനും, പരമ സദ്ഗുരുവുമായി മറ്റാരും മനസ്സിലാക്കുന്നില്ല. ഇവിടെ പോലും ധാരാളം പേരുണ്ട്,

അവരെ പോകെ-പോകെ മായ ഉപദ്രവിക്കുന്നു അപ്പോൾ തീർത്തും വിവേകശൂന്യരായി മാറുന്നു. ഉയർന്ന ലക്ഷ്യമാണ്. യുദ്ധത്തിന്റെ മൈതാനമാണ്, ഇതിൽ മായ വളരെ വിഘ്നങ്ങളുണ്ടാക്കുന്നു. ആ മനുഷ്യർ വിനാശത്തിന് വേണ്ടിയുള്ള തയ്യാറെടുപ്പുകൾ നടത്തിക്കൊണ്ടിരിക്കുന്നു. നിങ്ങൾ ഇവിടെ 5 വികാരങ്ങളെ ജയിക്കുന്നതിന് വേണ്ടി പുരുഷാർത്ഥം ചെയ്തുകൊണ്ടിരിക്കുന്നു. നിങ്ങൾ ജയത്തിനായും, അവർ വിനാശത്തിനായും പരിശ്രമിച്ചുകൊണ്ടിരിക്കുന്നു. രണ്ട് ജോലിയും ഒരുമിച്ചുണ്ടാകില്ലേ. ഇപ്പോൾ സമയമായിരിക്കുന്നു. നമ്മുടെ രാജ്യം സ്ഥാപിക്കപ്പെട്ടിട്ടില്ല. രാജാക്കൻമാർ, പ്രജകൾ ഇപ്പോൾ എല്ലാവരും ഉണ്ടാകണം. നിങ്ങൾ അരകൽപത്തേക്കായി ബാബയിൽ നിന്ന് സമ്പത്തെടുക്കുന്നു. ബാക്കി മോക്ഷം ആർക്കും ലഭിക്കുന്നില്ല. മനുഷ്യർ പറയാറുണ്ട് ഇന്ന ആൾ മോക്ഷം പ്രാപിച്ചു, മരിച്ചതിന് ശേഷം എങ്ങോട്ടാണ് പോയതെന്ന് അവർക്കറിയുമോ. വെറുതെ പൊള്ളത്തരം പറഞ്ഞുകൊണ്ടിരിക്കുന്നു.

നിങ്ങൾക്കറിയാം ആര് ശരീരം ഉപേക്ഷിക്കുന്നോ അവർ അടുത്ത ശരീരം എടുക്കും. മോക്ഷം നേടാൻ സാധിക്കില്ല. കുമിളകളായി വെള്ളത്തിൽ ലയിക്കും ഇങ്ങനെയൊന്നുമല്ല. ബാബ പറയുന്നു - ഈ ശാസ്ത്രം മുതലായവയെല്ലാം ഭക്തി മാർഗ്ഗത്തിന്റെ സാമഗ്രികളാണ്. നിങ്ങൾ കുട്ടികൾ സന്മുഖത്ത് കേൾക്കുന്നു. ചൂട്-ചൂടായ ഹൽവ കഴിക്കുന്നു. ഏറ്റവും അധികം ചൂട് ഹൽവ ആരാണ് കഴിക്കുന്നത്? (ബ്രഹ്മാ) ഇദ്ദേഹം തീർത്തും ബാബയുടെ സമീപത്താണിരിക്കുന്നത്. പെട്ടന്ന് കേൾക്കുകയും ധാരണ ചെയ്യുകയും ചെയ്യുന്നു പിന്നീട് ഇദ്ദേഹം തന്നെ ഉയർന്ന പദവിയും നേടുന്നു. സൂക്ഷ്മവതനത്തിൽ, വൈകുണ്ഠത്തിൽ ഇദ്ദേഹത്തിന്റെ തന്നെ സാക്ഷാത്ക്കാരമാണ് ചെയ്യുന്നത്. ഇവിടെയും ഇദ്ദേഹത്തെ തന്നെയാണ് ഈ കണ്ണുകളിലൂടെ കാണുന്നത്. ബാബ എല്ലാവരെയും പഠിപ്പിക്കുന്നു. ബാക്കിയുള്ളത് ഓർമ്മയുടെ പരിശ്രമമാണ്. ഓർമ്മയിലിരിക്കുന്നത് എങ്ങനെയാണോ നിങ്ങൾക്ക് ബുദ്ധിമുട്ടായി തോന്നുന്നത്, അതുപോലെ തന്നെയാണ് ഇദ്ദേഹത്തിനും. ഇതിൽ കൃപയുടെ കാര്യമൊന്നുമില്ല. ബാബ പറയുന്നു ഞാൻ ലോണെടുത്തിരിക്കുന്നു, അതിന്റെ മുഴുവൻ കണക്കും നൽകും. ബാക്കി ഓർമ്മയുടെ പുരുഷാർത്ഥം അത് ഇദ്ദേഹത്തിനും ചെയ്യണം. മനസ്സിലാക്കുന്നുണ്ട് -അരികത്താണ് ഇരിക്കുന്നത്. എന്നിട്ടും ബാബയെ ഓർമ്മിക്കാൻ ഞാൻ മറന്ന് പോകുന്നു. ഏറ്റവും കൂടുതൽ പുരുഷാർത്ഥം ഇദ്ദേഹത്തിന് ചെയ്യേണ്ടി വരുന്നു. യുദ്ധത്തിന്റെ മൈതാനത്തിൽ ആരാണോ മഹാരഥി ശക്തിശാലിയായിട്ടുള്ളത്, ഏതുപോലെയാണോ ഹനുമാന്റെ ഉദാഹരണമുള്ളത്, ഹനുമാനെ തന്നെയാണ് മായ പരീക്ഷിച്ചത് എന്തുകൊണ്ടെന്നാൽ അത് മഹാവീരനായിരുന്നു. എത്രത്തോളം ശക്തിശാലിയാണോ അത്രയധികം മായ പരീക്ഷയിടുന്നു. കൊടുങ്കാറ്റ് കൂടുതൽ വരുന്നു. കുട്ടികൾ എഴുതുന്നു - ബാബാ ഞങ്ങൾക്ക് ഇങ്ങനെ-ഇങ്ങനെ ഉണ്ടാകുന്നു. ബാബ പറയുന്നു ഇതെല്ലാം തന്നെ ഉണ്ടാകും. ബാബ ദിവസവും മനസ്സിലാക്കി തരുന്നുണ്ട് - ജാഗ്രതയോടെ ഇരിക്കണം. എഴുതുന്നു- ബാബാ, മായ വളരെ കൊടുങ്കാറ്റ് കൊണ്ട് വരുന്നു. ചില-ചിലർ ദേഹ-അഭിമാനം ഉണ്ടാകുന്നുണ്ടെങ്കിൽ ബാബയോട് പറയാറില്ല. നിങ്ങൾ ഇപ്പോൾ വളരെ വിവേകശാലികളാകുന്നു. ആത്മാവ് പവിത്രമാകുന്നതിലൂടെ ശരീരവും പവിത്രമായത് ലഭിക്കുന്നു. ആത്മാവ് എത്ര തിളക്കമുള്ളതായി മാറുന്നു. ആദ്യം ദരിദ്രർ തന്നെയാണ് എടുക്കുന്നത്. ബാബയെയും ദരിദ്രരുടെ നാഥൻ എന്നാണ് പാടിയിട്ടുള്ളത്. ബാക്കിയുള്ളവർ വൈകിയാണ് വരുന്നത്.

നിങ്ങൾ മനസ്സിലാക്കുന്നുണ്ട് ഏത് വരെ സഹോദരീ-സഹോദരനാകാതെ എങ്ങനെ സഹോദര-സഹോദരനാകും. പ്രജാപിതാ ബ്രഹ്മാവിന്റെ സന്താനം സഹോദരിയും-സഹോദരനുമല്ലേ. പിന്നീട് ബാബ മനസ്സിലാക്കി തരുന്നു സഹോദര-സഹോദരരെന്ന് മനസ്സിലാക്കൂ. ഇതാണ് അവസാന സംബന്ധം പിന്നീട് മുകളിലും സഹോദരരുമായി ചേരും. ശേഷം സത്യയുഗത്തിൽ പുതിയ സംബന്ധം ആരംഭിക്കും. അവിടെ അളിയൻ, അമ്മാവൻ, ചെറിയച്ഛൻ തുടങ്ങി വളരെ സംബന്ധങ്ങൾ ഉണ്ടായിരിക്കില്ല. വളരെ ചുരുങ്ങിയ സംബന്ധമായിരിക്കും. പിന്നീട് വളരുന്നു. ഇപ്പോൾ ബാബ പറയുന്നു സഹോദരീ-സഹോദരനുമല്ല, സഹോദര- സഹോദരനെന്ന് മനസ്സിലാക്കണം. നാമ-രൂപത്തിൽ നിന്നും പുറത്ത് വരണം. ബാബ സഹോദരങ്ങളെ (ആത്മാക്കളെ) മാത്രമാണ് പഠിപ്പിക്കുന്നത്. പ്രജാപിതാ ബ്രഹ്മാവുണ്ട്, അപ്പോൾ സഹോദരീ-സഹോദരങ്ങളല്ലേ. കൃഷ്ണനാണെങ്കിൽ സ്വയം തന്നെ കുട്ടിയാണ്. കൃഷ്ണനെങ്ങനെ എല്ലാവരെയും സഹോദരങ്ങളാക്കും. ഗീതയിൽ പോലും ഈ കാര്യങ്ങളില്ല. ഇത് തീർത്തും വേറിട്ട ജ്ഞാനമാണ്. ഡ്രാമയിൽ എല്ലാം അടങ്ങിയിട്ടുണ്ട്. ഒരു സെക്കന്റിലെ ദൃശ്യത്തിന് അടുത്തതുമായി സാമ്യമുണ്ടായിരിക്കില്ല. എത്ര മാസം, എത്ര മണിക്കൂറുകൾ, എത്ര ദിവസങ്ങൾ കടന്ന് പോകണം, വീണ്ടും 5000 വർഷങ്ങൾക്ക് ശേഷം ഇതുപോലെ തന്നെ കടന്ന് പോകും. കുറഞ്ഞ ബുദ്ധിയുള്ളവർക്ക് ഇത്രയും ധാരണ ചെയ്യാൻ സാധിക്കില്ല. അതുകൊണ്ട് ബാബ പറയുന്നു ഇത് വളരെ സഹജമാണ് - സ്വയത്തെ ആത്മാവെന്ന് മനസ്സിലാക്കൂ, പരിധിയില്ലാത്ത ബാബയെ ഓർമ്മിക്കൂ. പഴയ ലോകത്തിന്റെ വിനാശവും സംഭവിക്കണം. ബാബ പറയുന്നു ഞാൻ വരുന്നത് തന്നെ അപ്പോഴാണ് എപ്പോഴാണോ സംഗമമാകുന്നത്. നിങ്ങൾ തന്നെയായിരുന്നു

ദേവീ-ദേവതകൾ. ഇതറിയാം എപ്പോഴാണോ ഇവരുടെ രാജ്യമായിരുന്നത് അപ്പോൾ മറ്റൊരു ധർമ്മവും ഉണ്ടായിരുന്നില്ല. ഇപ്പോഴാണെങ്കിൽ ഇവരുടെ രാജ്യവും ഇല്ല. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര-മധുരമായ കുട്ടികൾക്ക് മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും സുപ്രഭാതവും ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യ സാരം:-

1) ഇപ്പോൾ അന്തിമ സമയമാണ്, തിരിച്ച് വീട്ടിൽ പോകണം അതുകൊണ്ട് തന്റെ ബുദ്ധി നാമ-രൂപത്തിൽ നിന്ന് വേർപെടുത്തണം. നമ്മൾ ആത്മാക്കൾ സഹോദര-സഹോദരങ്ങളാണ് - ഇത് അഭ്യസിക്കണം. ദേഹ-അഭിമാനത്തിൽ വരരുത്.

2) ഓരോരുത്തരുടെയും അവസ്ഥയിലും യോഗത്തിലും രാത്രിയും പകലിന്റെയും വ്യത്യാസമുണ്ട് അതു കൊണ്ട് വിട്ട്-വിട്ടിരിക്കണം. പരസ്പരം സ്പർശിക്കരുത്. പുണ്യ ആത്മാവാകുന്നതിന് വേണ്ടി ഓർമ്മ യുടെ പരിശ്രമം ചെയ്യണം.

## വരദാനം:- ബാബയുടെ സ്നേഹത്തിൽ തന്റെ പ്രധാന ദൗർബ്ബല്യം ബലിയർപ്പണം ചെയ്യുന്ന ജ്ഞാനീ തൂ ആത്മാവായി ഭവിക്കട്ടെ.

ബാപ്ദാദ കാണുന്നുണ്ട് ഇപ്പോഴും അഞ്ച് വികാരങ്ങളുടെ വ്യർത്ഥ സങ്കൽപ്പങ്ങൾ ഭൂരിപക്ഷം പേരിലും നടക്കുന്നുണ്ട്. ജ്ഞാനിയായ ആത്മാക്കളിൽ പോലും ഇടക്കിടെ തങ്ങളുടെ ഗുണങ്ങളുടെയും വിശേഷതകളുടെയും അഭിമാനം വരാറുണ്ട്, ഓരോരുത്തർക്കും തങ്ങളുടെ മൂല ദൗർബല്യം അഥവാ മൂല സംസ്കാരം അറിയുകയും ചെയ്യാം. ആ ദുർബ്ബലതയെ ബാബയുടെ സ്നേഹത്തിൽ ബലിയർപ്പണം ചെയ്യൂ- ഇത് തന്നെയാണ് സ്നേഹത്തിന്റെ തെളിവ്. സ്നേഹി അഥവാ ജ്ഞാനി തൂ ആത്മാക്കൾ ബാബയുടെ സ്നേഹത്തിൽ വ്യർത്ഥ സങ്കൽപ്പങ്ങളെപ്പോലും ബലിയർപ്പണം ചെയ്യും.

## സ്ലോഗൻ:- സ്വമാനത്തിന്റെ സീറ്റിൽ സ്ഥിതി ചെയ്ത് സർവ്വർക്കും ബഹുമാനം കൊടുക്കുന്ന മാനനീയ ആത്മാവാകൂ.